# Malayala Manorama

## 17 August 2018

## Aluva: Flood-hit, Disaster Management, relief camps, Revenue Department

# ഊണും ഉറക്കവുമില്ലാതെ റവന്യു വകുപ്പ്

കൊച്ചി • വീട്ടിൽപോയിട്ട് ഒരാഴ്ച. ഉറക്കമില്ല, സമയത്തു ഭക്ഷണമില്ല, വീട്ടിൽ ഒറ്റയ്ക്കു കഴിയുന്ന മക്കളെയൊർത്തുള്ള ആധി വേറെ... ജില്ലയിലെ റവന്യു വകുപ്പ് ഉദ്യോഗസ്ഥരുടെ അവസ്ഥ ഒരാഴ്ചയായി ഇതാണ്. രക്ഷാ പ്രവർത്തനത്തിനു വിളിച്ചിട്ട് എത്തിയില്ല, ഭക്ഷണത്തിന് ഉപ്പില്ലായിരുന്നു വെന്നൊക്കെ പരാതിപറയുമ്പോൾ ഇക്കാര്യം കൂടി ഓർക്കുക. കലക്ടർ മുഹമ്മദ് സഫിറുല്ല മുതൽ റവന്യു വകുപ്പിലെ ഏറ്റവും താഴെയുള്ള ഉദ്യോഗസ്ഥർ വരെ ഒരാഴ്ചയായി ഊണും ഉറക്കവുമില്ലാതെ ദുരിതാശ്വാസ പ്രവർത്തനത്തിലാണ്.

റവന്യു വകുപ്പു മാത്രമല്ല, വാട്ടർ അതോറിറ്റി, വൈദ്യുതി വകുപ്പുകളും, പബ്ലിക് റിലേഷൻസ് വകുപ്പും വിശ്രമമില്ലാത്ത ജോലിയിലാണ്. വെള്ളം ഇറങ്ങിയാലും വാട്ടർ അതോറിറ്റി, വൈദ്യുതി വകുപ്പുകാരുടെ അത്യധ്വാനം തുടരേണ്ടിവരും.

ബുധനാഴ്ച രാത്രിവരെ കാര്യങ്ങൾ വലിയ കുഴപ്പമില്ലാതെ പോയി. ചെറുതോണി അണക്കെട്ടും ഇടമലയാർ അണക്കെട്ടും ഒന്നിച്ചു തുറന്നപ്പോൾ പോലും കാര്യമായ പ്രശ്നങ്ങളില്ലാതെ ആളുകളുടെ പുനരധിവാസം ഉറപ്പാക്കാൻ കഴിഞ്ഞു. എന്നാൽ ബുധനാഴ്ച രാത്രിയിലെ വെള്ളപ്പൊക്കം എല്ലാ കണക്കുകൂട്ടലുകളും തെറ്റിച്ചു. പുഴവെള്ളം മാത്രമല്ല, ഓരോ ഇഞ്ചു സ്ഥലത്തും പെയ്യുന്ന മഴവെള്ളവും ചേർന്നപ്പോൾ സ്ഥിതി ഗുരുതരമായി. കാണെക്കാണെ അടിയ്ക്കടി വെള്ളം ഉയർന്നു.

ആലുവ താലൂക്ക് ഓഫിസിൽ എഡിഎം എം.കെ. കബീർ, ഡിസാസ്റ്റർ മാനേജ്മെന്റ് ഡപ്യൂട്ടി കലക്ടർ ഷീലാദേവി, ഡപ്യൂട്ടി കലക്ടർ കെ. മധു എന്നിവരുടെ നേതൃത്വത്തിലായിരുന്നു ദുരന്തനിവാരണ പ്രവർത്തനം.

ആലുവയിൽ വെള്ളം പൊങ്ങിയതോടെ കൺട്രോൾ റൂം പത്തടിപ്പാലം റെസ്റ്റ് ഹൗസിലേക്കു മാറ്റി. എല്ലാ പ്രവർത്തനങ്ങളും കലക്ടറുടെ നേതൃത്വത്തിലായിരുന്നു. ഒരാഴ്ചയായി ആലുവ ഗെസ്റ്റ് ഹൗസിലാണു കലക്ടർ ഉറങ്ങുന്നത്. ക്യാംപുകളുടെ പ്രവർത്തനമായിരുന്നു ബുധനാഴ്ച വരെ പ്രതിസന്ധിയെങ്കിൽ ഇന്നലെ മുതൽ ആളുകളെ മാറ്റി പാർപ്പിക്കുന്നതു മുഖ്യ ജോലിയായി. ഗതാഗതം നിലച്ചു. വാഹന സൗകര്യം ഇല്ലാതായി.

വൈകിട്ട് അഞ്ചിനു പോലും 1500 സഹായ അഭ്യർഥനകൾ കൺട്രോൾ റൂമിൽ നടപടി കാത്തിരിക്കുകയാണ്. വാട്സാപ് ഗ്രൂപ്പുകളിലും കലക്ടറുടെ ഫെയ്സ്ബുക് പേജിലും വരുന്ന അഭ്യർഥനകൾ ക്രോഡീകരിച്ചു ദുരിതാശ്വാസ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ ഉദ്യോഗസ്ഥർക്കും കിട്ടുന്ന സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്.

ആളുകളെ രക്ഷപ്പെടുത്താൻ സാമഗ്രികളില്ലെന്നതാണു വലിയ പ്രശ്നം. മൽസ്യത്തൊഴിലാളി സംഘങ്ങളുമായി ബന്ധപ്പെട്ടു ചെറു വഞ്ചികൾ കൊണ്ടുവന്നെങ്കിലും ചെറിയ റോഡുകളിൽ ഈ വഞ്ചികൾ കുടുങ്ങി. രണ്ടും മൂന്നും നില വീടുകളിൽ കുടുങ്ങിക്കിടക്കുന്നവരാണ് അധികവും. സുരക്ഷിതമായ സ്ഥലങ്ങളിലേക്കു മാറണമെന്ന് അറിയിച്ചെങ്കിലും അമിത വിശ്വാസത്തിലും ധൈര്യത്തിലും കഴിഞ്ഞവരും ഇക്കൂട്ടത്തിലുണ്ട്. സൈന്യത്തിന്റെ കൈവശമുള്ള ചെറു ബോട്ടുകളിൽ മാത്രമേ ഉയർന്ന കെട്ടിടങ്ങളിൽ കഴിയുന്നവരെ രക്ഷപ്പെടുത്താനാവൂ. ഇത്തരം സംവിധാനങ്ങൾ ജില്ലയിൽ അധികം എത്തിയിട്ടില്ല.